# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ആഗസ്റ്റ് 06 ചൊവ്വ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## വികസനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സൂചകം നല്ല വെള്ളവും വായുവും: മന്ത്രി വി.എസ് സുനിൽകുമാർ

ഒരു പ്രദേശത്തെ വികസനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സൂചകം നല്ല വെള്ളവും വായുവും ഉണ്ടോ എന്നതാണെന്ന് കൃഷി-മണ്ണുസംരക്ഷണ വകുപ്പ് മന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ പറഞ്ഞു. ജില്ലാ പഞ്ചായത്തിന്റെ ജലരക്ഷ-ജീവരക്ഷ ബ്ലൂ ആർമിയുടെ ഭാഗമായി 'ഒരു മഴക്കുഴി-ഒരു വൃക്ഷം, ഓരോ കുട്ടിക്കും' എന്ന പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം കണ്ടശ്ശാംകടവ് ജോസഫ് മുണ്ടശ്ശേരി ഗവ. ജി.എച്ച്.എസ്.എസിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ലഭിക്കുന്ന വെള്ളത്തിന്റെ കാര്യത്തിൽ കേരളം ഏറ്റവും സമ്പന്നരാണെങ്കിലും മാനേജ്മെൻറിന്റെ പാളിച്ച മൂലം നാം ദരിദ്രരായിരിക്കുകയാണെന്ന് മന്ത്രി പറഞ്ഞു. സി.ഡബ്ല്യൂ.ഡി.ആർ.ഡി.എമ്മിന്റെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ പല ബ്ലോക്കുകളും ജലലഭ്യതയിൽ ഗുരുതര നിലയിലേക്ക് മാറുകയാണ്. ജലസംരക്ഷണത്തിലെ ജാഗ്രതക്കുറവാണ് ഈ നിലയിലെത്തിച്ചത്. നമ്മൾ നെൽകൃഷി ഇല്ലായ്മ ചെയ്തു. തോടുകൾ നികത്തി റോഡുകളാക്കി. കുളങ്ങൾ നികത്തി കെട്ടിടങ്ങൾ പണിതു. നീരൊഴുക്ക് സുഗമമായി പോവേണ്ട എല്ലാ സ്ഥലങ്ങളും മതിലു കെട്ടിയും മണ്ണിട്ടും നികത്തി. പണ്ടു കാലങ്ങളിൽ സ്വാഭാവികമായ നീരൊഴുക്കിനും ജലം സ്വാഭാവികമായി കെട്ടി നിർത്തുന്നതിനും ഉണ്ടായിരുന്ന ചിറകളും കുളങ്ങളും നാം തകർത്ത് തരിപ്പണമാക്കി.

കാർഷിക മേഖലയിലെ തകർച്ചയാണ് നാടിന്റെ എറ്റവും വലിയ ദുരന്തത്തിന് വഴി വെച്ചത്. ഒരു സെൻറ് നെൽകൃഷി ചെയ്യുമ്പോൾ ഒരു ലക്ഷത്തി നാൽപത്തി അയ്യായിരം ലിറ്റർ വെള്ളം ഭൂഗർഭജല സമ്പത്തായി സംഭരിക്കുന്നു എന്നത് നാം മറന്നുപോയി. 13 ലക്ഷം ഹെക്ടർ ഉണ്ടായിരുന്ന നെൽവയൽ രണ്ട് ലക്ഷത്തിലേക്ക് താഴുമ്പോൾ 11 ലക്ഷം ഹെക്ടറിൽ ഭൂഗർഭജല സമ്പത്ത് സംരക്ഷിക്കുന്ന സംവിധാനം തകർന്നുപോയി. ഒഴുകുന്ന വെള്ളത്തെ നമ്മൾ നടത്തണം, നടക്കുന്ന വെള്ളത്തെ ഇരുത്തണം, ഇരിക്കുന്ന വെള്ളത്തെ കിടത്തണം, കിടക്കുന്ന വെള്ളത്തെ ഉറക്കണം എന്ന നാടിന്റെ ജലസംരക്ഷണ സംവിധാനം നാം തകർത്തുകഴിഞ്ഞു. തോടുകളും നീർച്ചാലുകളും കുളങ്ങളും അരുവികളും ചിറകളുമെല്ലാം ഈ ജലസംരക്ഷണ സംവിധാനത്തിന്റെ ഭാഗമായിരുന്നു. ഇവയെല്ലാം തകർത്തപ്പോൾ ഭൂഗർഭജലം ഘട്ടം ഘട്ടമായി താഴേക്കു പോയ്ക്കൊണ്ടിരിക്കുകയാണ്. പല പ്രദേശങ്ങളിലും പതിയെ കുടിവെള്ളത്തിൽ ലവണാംശം കടന്നുവരാൻ തുടങ്ങിയിരിക്കുന്നു.

നമ്മുടെ കാരണവൻമാർക്ക് ഭൂമിയെ സംരക്ഷിക്കാനുള്ള സാക്ഷരത ഉണ്ടായിരുന്നു. അതുകൊണ്ടാണ് ജലത്തേയും പ്രകൃതിയേയും അവർ ആരാധിച്ചിരുന്നത്. നമ്മുടെ നിലനിൽപിന് ആധാരം പ്രകൃതി മൂലധനമാണെന്ന അവരുടെ തിരിച്ചറിവ് നമുക്ക് ഇല്ലാതെ പോവുന്നു. സർക്കാർ ഇടപെടലിന്റെ ഭാഗമായി നെൽവയലുകളുടെ വിസ്തൃതി ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരമായിരുന്നത് രണ്ട് ലക്ഷത്തി ഇരുപതിനായിരമായി വർധിപ്പിക്കാൻ കഴിഞ്ഞു. അത്രയും സ്ഥലത്ത് ജലലഭ്യത വർധിച്ചിരിക്കുന്നു.

നീരൊഴുകുന്ന സ്ഥലങ്ങളെല്ലാം തന്നെ മാലിന്യങ്ങൾ കൊണ്ടിടാനുള്ള സ്ഥലങ്ങളല്ല എന്ന ഓർമ്മപ്പെടുത്തൽ സമൂഹത്തിന് ഉണ്ടാക്കിയെടുക്കുകയാണ് ചെയ്യേണ്ടത്. കുളം ജലസംരക്ഷണ പ്രക്രിയയുടെ പ്രധാനപ്പെട്ട ഭാഗമാണെന്ന് നാം മനസ്സിലാക്കിയേ മതിയാവൂ. കാലാവസ്ഥാ വ്യതിയാനത്തിന്റെ ക്ലാസിക്കൽ ഉദാഹരണമായി കേരളം മാറുമ്പോൾ മഴ സംരക്ഷിച്ച് ജലസുരക്ഷ ഉറപ്പാക്കണമെന്നും മന്ത്രി പറഞ്ഞു.

ബ്ലൂ ആർമി ടീമുകളുടെ പ്രവർത്തനോദ്ഘാടനം സ്കൂളിലെ എൻ.എസ്.എസ് ലീഡർ അരവിന്ദന് ബാഡ്ജ് നൽകി ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് മേരി തോമസ് നിർവഹിച്ചു. മുരളി പെരുനെല്ലി എം.എൽ.എ അധ്യക്ഷത വഹിച്ചു. ജില്ലാ കളക്ടർ എസ്. ഷാനവാസ് പദ്ധതി വിശദീകരിച്ചു. അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് പി.സി ശ്രീദേവി റിപ്പോർട്ട് അവതരിപ്പിച്ചു.

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് എൻ.കെ. ഉദയപ്രകാശ്, വികസനകാര്യ സ്ഥിരം സമിതി ചെയർപേഴ്സൻ ജെന്നി ജോസഫ്, വിദ്യാഭ്യാസ-ആരോഗ്യകാര്യ സ്ഥിരം സമിതി ചെയർപേഴ്സൻ മഞ്ജുളാരുണൻ, ഗ്രാമപഞ്ചായത്ത് പ്രസിഡൻറുമാരായ വിജി ശശി (മണലൂർ), സുജാത മോഹൻദാസ് (അരിമ്പൂർ), പി.എസ്. രാധാകൃഷ്ണൻ (താന്ന്യം), ജില്ലാ പഞ്ചായത്തംഗം സിജി മോഹൻദാസ്, അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡൻറ് പി.ബി ഹരിദാസൻ, മണലൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ് എം.ആർ. മോഹനൻ, ബ്ലോക്ക് സ്ഥിരം സമിതി ചെയർപേഴ്സൻമാരായ മേനുജ പ്രതാപൻ, ഷീബ മനോഹരൻ, ഗ്രാമപഞ്ചായത്തംഗം ജോയ്മോൻ പള്ളികുന്നത്ത്, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ കെ.എസ്. കുസുമം, എൻ.എസ്.എസ് കോ ഓർഡിനേറ്റർ പ്രൊഫ. കെ.എൻ. രമേഷ്, എം.ജി.എൻ.ആർ.ഇ.ജി.എസ് ജോയിൻറ് പ്രോഗ്രാം കോ ഓർഡിനേറ്റർ പി.സി ബാലഗോപാൽ, ജില്ലാ മണ്ണു സംരക്ഷണ ഓഫീസർ, പി.ടി.എ പ്രസിഡൻറ് ടി.വി. വിശ്വംഭരൻ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ സംസാരിച്ചു.

## ജലസാക്ഷരതക്കായി ബ്ലൂ ആർമി

ജീവന്റെ ആധാരമായ ജലത്തെ സംരക്ഷിക്കാൻ തൃശൂർ ജില്ലാ പഞ്ചായത്ത് മുൻകൈയെടുത്തു നടപ്പിലാക്കുന്ന ഏറ്റവും വലിയ ജല ക്യാമ്പയിനാണ് 'ജലരക്ഷ - ജീവരക്ഷ ' ജലത്തിന്റെ സുസ്ഥിരവികസനം ലക്ഷ്യമിട്ടു വിവിധ വകുപ്പുകളും വികസന ഏജൻസികളും സംയുക്തമായി ജലസംരക്ഷണം സാധ്യമാക്കുന്നതിനു വിഭാവനം ചെയ്ത് സംയോജിത പ്രൊജക്റ്റ് . ഇതിന്റെ നടത്തിപ്പിനായി ജില്ലയിലെ മുഴുവൻ വിദ്യാർത്ഥികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള ക്ലബ്ബാണ് 'ബ്ലു ആർമി'. 2018-ൽ പദ്ധതി ആരംഭിച്ചപ്പോൾ ജില്ലയിലെ 50 ശതമാനം സ്കൂളുകളും പദ്ധതിയിൽ പങ്കാളികളായി. 2019-ൽ ജില്ലയിലെ മുഴുവൻ വിദ്യാലയങ്ങളും ബ്ലൂ ആർമിയിൽ അംഗങ്ങളായിട്ടുണ്ട്. ജലരക്ഷ ജീവരക്ഷ പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികളിൽ ജലസാക്ഷരത വളർത്തിയെടുക്കുകയാണ് ബ്ലു ആർമിയുടെ ലക്ഷ്യം. പദ്ധതി പ്രവർത്തനങ്ങളോടനുബന്ധിച്ചു 'ഒരു വൃക്ഷം ഒരു മഴക്കുഴി ഓരോ കുട്ടിക്കും' എന്ന പരിപാടി അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിലാണ് ആദ്യമായി നടപ്പിലാക്കുന്നത്. ബ്ലോക്ക് പരിധിയിൽ ഉള്ള 42 സ്കൂളുകളിലെയും മുഴുവൻ വിദ്യാർത്ഥികളും അവരുടെ വീടുകളിൽ ഓരോ മഴക്കുഴി എടുക്കുകയും ഓരോ വൃക്ഷത്തെ നട്ട് സംരക്ഷിച്ച് ഇതിന്റെ വളർച്ചയുടെ ഓരോ ഘട്ടവും രേഖപ്പെടുത്തുകയും ചെയ്യണം. ബ്ലൂ ആർമി പ്രവർത്തനങ്ങളോടനുബന്ധിച്ചു ചിത്രരചന, കലാമത്സരങ്ങൾ, കർക്കടകമാസാചരണം, ഔഷധ സസ്യങ്ങളെ പരിചയപ്പെടുത്തൽ, സെമിനാറുകൾ, റാലികൾ എന്നിവ സംഘടിപ്പിക്കുകയുണ്ടായി. ഈ മാതൃക തദ്ദേശ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കും. ജില്ലയിലെ എല്ലാ ബ്ലോക്കുകളിലും ബ്ലോക്ക് തല മോണിറ്ററിങ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. 80 ശതമാനം സർക്കാർ അൺഎയ്ഡഡ് സ ്കൂളുകളിലും ബ്ലു ആർമി പ്രവർത്തനം ആരംഭിച്ചു. ബ്ലു ആർമി കലണ്ടറുകൾ എല്ലാ സ ്കൂളുകളിലും വിതരണം ചെയ്തുകഴിഞ്ഞു. ജില്ലയിലെ 86 പഞ്ചായത്തുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഓരോ സ്കൂളുകൾക്കും കിണർ റീചാർജ് ചെയ്യുന്നതിനായി 30.10 ലക്ഷം രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്. എല്ലാ തദ്ദേശ സ്ഥാപനങ്ങളും ജലരക്ഷ ജീവരക്ഷ പദ്ധതിയ്ക്ക് കീഴിൽ വിവിധങ്ങളായ പദ്ധതികൾ അവലംബിച്ചിട്ടുണ്ട്.

## പൊരിങ്ങൽക്കുത്ത് ഡാമിൽ ജലനിരപ്പ് ഉയരുന്നു; ജാഗ്രത പാലിക്കണം

പൊരിങ്ങൽക്കുത്ത് ഡാമിന്റെ വൃഷ്ടി പ്രദേശത്ത് ശക്തമായ മഴയുള്ളതിനാൽ, ജലനിരപ്പ് ക്രസ്റ്റ് ലെവൽ ആയ 419.41 മീറ്ററിൽ ഉയർന്നു കഴിഞ്ഞാൽ അധികജലം ചാലക്കുടി പുഴയിലേക്ക് ഒഴുക്കി വിടുമെന്ന് കെ.എസ്.ഇ.ബി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു. അണക്കെട്ടിന്റെ പരമാവധി ജലനിരപ്പ് 424 മീറ്ററാണ്. ജലനിരപ്പ് ഉയർന്നുകൊണ്ടിരിക്കുകയാണ്. വൈകീട്ട് നാല് മണിക്ക് ഡാമിലെ ജലനിരപ്പ് 419.95 മീറ്ററാണ്. അതിനാൽ ചാലക്കുടി പുഴയുടെ ഇരുകരകളിലും താമസിക്കുന്നവരും പുഴയിലിറങ്ങുന്നവരും ജാഗ്രത പാലിക്കണം. പുഴയിൽ ഇന്നത്തെ സാഹചര്യമനുസരിച്ച് വെള്ളപ്പൊക്ക ഭീഷണിയില്ലെന്നും അറിയിച്ചു.

# ഉപതിരഞ്ഞെടുപ്പ്:
# യോഗം 9 ന്

കുഴൂർ ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട യോഗം ആഗസ്റ്റ് ഒൻപത് രാവിലെ 11 ന് തൃശൂർ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടറുടെ ചേമ്പറിൽ ചേരും.

# ആർസിഇപി കരാർ ക്ഷീര കർഷകന്റെ നട്ടെല്ലൊടിക്കും: മന്ത്രി വി എസ് സുനിൽ കുമാർ

ആർസിഇപി കരാർ ക്ഷീരകർഷകന്റെ നട്ടെല്ലൊടിക്കുമെന്ന് കൃഷി വകുപ്പ് മന്ത്രി വി എസ് സുനിൽ കുമാർ. മാള ബ്ലോക്ക്പഞ്ചായത്ത് ക്ഷീര വികസന വകുപ്പ് കല്ലേറ്റുംകര ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച ക്ഷീര കർഷക സംഗമം 2019-20 ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കുറഞ്ഞ ഉല്പാദനചെലവും കൂടുതൽ ഉത്പാദന ക്ഷമതയുമുള്ള രാജ്യങ്ങളിൽ നിന്നും എത്തുന്ന ഉല്പന്നങ്ങളുമായി ഇന്ത്യയിലെ ക്ഷീരകർഷകർക്ക് മത്സരിക്കാനാകില്ല. ഉൽപാദന ചിലവ് കൂടുതലുള്ള കേരളത്തിലെ കർഷകരെ ആർസിഇപി കരാർ പ്രതിസന്ധിയിലാക്കുമെന്നും മന്ത്രി പറഞ്ഞു. ക്ഷീര കർഷകരെ മുഴുവൻ പട്ടിണിയിലാക്കുന്ന ആർസിഇപി കരാറുമായി കേന്ദ്ര ഗവണ്മെന്റ് മുന്നോട്ടു പോവുകയാണ്. ഇത് ഭാവിയിൽ പാലുല്പാദകരെ ദോഷകരമായി ബാധിക്കും. കേരളത്തിന്റെ ക്ഷീരകർഷക മേഖലയെ പ്രധാനമായും മുന്നിൽക്കണ്ട് കരാറിന്റെ വ്യവസ്ഥകൾക്ക് ഇരയാകേണ്ടിവരുന്ന സംസ്ഥാനങ്ങളുടെ പ്രശ്നങ്ങൾ പഠിച്ചു വേണ്ട നിർദേശങ്ങൾ ഉൾപ്പെടുത്താനായി സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. മറ്റ് ദേശങ്ങളിലെ പാലിനും അനുബന്ധ ഉൽപങ്ങൾക്കും തുറന്ന വിപണിയായി നമ്മുടെ രാജ്യം മാറും. നാട്ടിലെ പാലുല്പന്നങ്ങൾക്കു വേണ്ട മതിപ്പില്ലാതെയാകും. ഈ അപകടാവസ്ഥ എല്ലാവരും മനസിലാക്കണം. കർഷകരെ സംരക്ഷിക്കുന്ന നയങ്ങളാണ് പരിഗണിക്കപ്പെടേണ്ടത്. പാൽ വിപണന മേഖലയിൽ സർക്കാരിനും സഹകരണ മേഖലക്കും കൃത്യമായ ഇടപെടലുകൾ നടത്താൻ കഴിയുന്ന നിലവിലെ അവസ്ഥക്ക് ആർസിഇപി എന്ന സ്വതന്ത്ര വ്യാപാര കരാർ തടസ്സമാകുന്നു. ഉൽപാദന ചിലവ് കൂടുന്നതനുസരിച്ചു പാലിന് ന്യായമായ വില ഓരോ ക്ഷീര കർഷകനും ലഭ്യമാക്കണം. പൊതുവെ കാർഷിക മേഖലയിൽ നിന്ന് അന്യമായിട്ടാണ് ക്ഷീര മേഖലയെ പരിഗണിക്കുന്നത്. നിലനിൽക്കുന്ന ഈ അവസ്ഥക്ക് മാറ്റം ഉണ്ടാകണം. കാർഷിക മേഖലക്ക് കിട്ടുന്ന എല്ലാ ആനുകൂല്യങ്ങളും ക്ഷീര മേഖലക്കും കൂടി ലഭ്യമാകുന്ന അവസ്ഥയുണ്ടാകണം. ക്ഷീരസംഘങ്ങളാണ് പാലുല്പാദന മേഖലയുടെ ആത്മാവ്. ചെറിയ ക്ഷീര സംഘങ്ങളിൽ നിന്നും വൈവിധ്യമായ പാലുല്പന്നങ്ങൾ നിർമിക്കാൻ കഴിയണം. അതിന് വിപണി കണ്ടെത്താൻ കഴിയണം. ക്ഷീര കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സംസ്ഥാന സർക്കാർ എന്നും ഒപ്പമുണ്ടയെന്നും മന്ത്രി കൂട്ടിച്ചേർത്തു. ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

പ്രൊഫ. കെ യു അരുണൻ എംഎൽഎ അധ്യക്ഷത വഹിച്ചു. തൃശ്ശൂർ ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഇൻ ചാർജ് സിനില ഉണ്ണികൃഷ്ണൻ പദ്ധതി വിശദീകരണം നടത്തി. ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ക്ഷീരകർഷക രംഗത്തു മികച്ച പ്രവർത്തനം കാഴ്ചവെച്ച കർഷകരെ ആദരിച്ചു. ആളൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സന്ധ്യ നൈസൻ ബ്ലോക്കിൽ കൂടുതൽ പാലളന്ന ക്ഷീരകർഷകർക്ക് പുരസ്കാരം വിതരണം നടത്തി. അന്നമനട പഞ്ചായത്ത് പ്രസിഡന്റ് ടെസ്സി ടൈറ്റസ് മികച്ച പട്ടികജാതി വിഭാഗത്തിലെ കർഷകനെ ആദരിച്ചു. ജില്ലാ പഞ്ചായത്ത് അംഗം നിർമൽ സി പാത്താടൻ, ആളൂർ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എ ആർ ഡേവിസ്, ബ്ലോക്ക് പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി സി ഷണ്മുഖൻ തുടങ്ങിയവർ കന്നുകാലി പ്രദർശന മത്സരത്തിലെ വിജയികൾക്കുള്ള പുരസ്കാരങ്ങൾ വിതരണം ചെയ്തു. ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, വകുപ്പ് തല ഉദ്യോഗസ്ഥർ, സഹകാരികൾ, കർഷക പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഇ. കേശവൻകുട്ടി സ്വാഗതവും മാള ഡയറി ഫാം ഇൻസ്പെക്ടർ സി നിഷ നന്ദിയും പറഞ്ഞു.

# ജീവിതത്തിൽ എ പ്ലസ് കിട്ടുന്ന കുട്ടികളെ സൃഷ്ടിക്കുന്നതാവണം വിദ്യാഭ്യാസം: അഡ്വ. കെ രാജൻ

ജീവിതത്തിൽ എ പ്ലസ് കിട്ടുന്ന കുട്ടികളെ സൃഷ്ടിക്കുന്നതാവണം വിദ്യാഭ്യാസമെന്ന് ഗവ. ചീഫ് വിപ്പ് അഡ്വ. കെ രാജൻ പറഞ്ഞു. വഴി തെറ്റാത്ത ജീവിതത്തിലേക്ക് കുട്ടികളെ നയിക്കാൻ പുസ്തകങ്ങൾക്കാവും. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് തൃശ്ശൂർ ജില്ലയിൽ സംഘടിപ്പിക്കുന്ന അക്ഷരയാത്രയുടെ തലോർ ദീപ്തി ഹയർ സെക്കൻഡറി സ്കൂളിലെ ഉദ്ഘാടനം നിർവഹിച്ച് കുട്ടികളോടു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ദീപ്തി സ്കൂൾ മാനേജർ ഫാ. സെബി പാലമറ്റത്ത് സിഎംഐ അദ്ധ്യക്ഷനായിരുന്നു. സാഹിത്യകാരൻ സി ആർ ദാസ് മുഖ്യപ്രഭാഷണം നടത്തി. വായനാമത്സരം, കാവ്യാലാപനമത്സരം എന്നിവയിൽ വിജയികളായ കുട്ടികൾക്കുള്ള സർട്ടിഫിക്കറ്റും സമ്മാനങ്ങളും വിതരണം ചെയ്തു. പ്രിൻസിപ്പൽ മഹിപാൽ എം വി, പ്രധാന അധ്യാപിക നീന ജോൺ സി, പി ടി എ പ്രസിഡന്റ് വിജയകുമാർ ഇ എം, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് എഡിറ്റോറിയൽ അസിസ്റ്റന്റ് നവനീത് കൃഷ്ണൻ എസ് എന്നിവർ സംസാരിച്ചു. കുട്ടികൾക്കുള്ള 215 പുസ്തകങ്ങളുമായാണ് അക്ഷരയാത്ര സ്കൂളിൽ എത്തിയിരിക്കുന്നത്. ജില്ലയിലെ ഏതു കുട്ടിക്കും 50 ശതമാനം വിലക്കിഴിവോടെ ഈ പുസ്തകങ്ങൾ വാങ്ങാം. അക്ഷരയാത്ര ആഗസ്റ്റ് 13 വരെ തൃശ്ശൂർ ജില്ലയിൽ തുടരും. ഒരു സ്കൂളിൽ രണ്ടു ദിവസമാണ് മേള.

# ടെണ്ടർ

ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രത്തിലെ ഫലവൃക്ഷങ്ങളുടെ അനുഭവങ്ങൽ എടുക്കുവാൻ ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 16 വൈകീട്ട് മൂന്ന് മണി. ഫോൺ: 0487-2332070.

# സംയോജിതകൃഷിക്ക് അപേക്ഷ ക്ഷണിച്ചു

പുഴക്കൽ ബ്ലോക്ക് പരിധിയിൽ ആത്മ പദ്ധതിയിൽ സംയോജിതകൃഷി നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. താൽപര്യമുള്ളവർ ആഗസ്റ്റ് 20 നകം അതത് കൃഷി ഭവനുകളിൽ അപേക്ഷ നൽകണം. വിള പരിപാലനം കൂടാതെ പശുവളർത്തൽ, ആട് വളർത്തൽ, മത്സ്യകൃഷി, കൂൺകൃഷി, തേനീച്ച വളർത്തൽ തുടങ്ങി മറ്റ് കാർഷിക അനുബന്ധ പരിപാടികൾ ഏറ്റെടുത്ത് നടത്താൻ തയ്യാറുള്ള കർഷകർ അപേക്ഷ നൽകണം. ഫോൺ: 9895668828.

# ദർഘാസ്

സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിലെ കിടത്തി ചികിത്സയിലുള്ള രോഗികൾക്ക് ആവശ്യമായ വസ്ത്രങ്ങൾ വാങ്ങുന്നതിന് ദർഘാസ് ക്ഷണിച്ചു. ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 30 രാവിലെ 11.30. ഫോൺ: 0487-2383684.

# താൽക്കാലിക നിയമനം

മതിലകം ബ്ലോക്ക് പഞ്ചായത്ത് അഗ്രോസർവീസ് സെന്ററിൽ ഫെസിലിറ്റർ, തൊഴിലാളി എന്നീ തസ്തികളിൽ താൽക്കാലിക നിയമനം നടത്തുന്നു. അഗ്രികൾച്ചർ, അഗ്രികൾച്ചറൽ എഞ്ചിനീയറിങ്ങ് എന്നിവയിൽ ഏതെങ്കിലും ഒന്നിൽ ബിരുദവും അല്ലെങ്കിൽ അഗ്രികൾച്ചറൽ/മെക്കാനിക്കൽ എഞ്ചിനീയറിങ്ങിൽ ഡിപ്ലോമയും മൂന്ന് വർഷത്തെ പ്രവൃത്തിപരിചയവും അല്ലെങ്കിൽ വിഎച്ച്എസ്സി അഗ്രികൾച്ചറും അഞ്ച് വർഷത്തെ പ്രവൃത്തിപരിചയവുമാണ് ഫെസിലിറ്ററുടെ യോഗ്യത. നാലാം ക്ലാസ്സും കാർഷിക സേവന സന്നദ്ധതയുമാണ് തൊഴിലാളിയുടെ യോഗ്യത. അപേക്ഷാഫോറം മതിലകം കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ ലഭിക്കും. താൽപര്യമുള്ളവർ പ്രായം, യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതമുള്ള അപേക്ഷ ആഗസ്റ്റ് എട്ടിനകം മതിലകം കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ നൽകണം. ഫോൺ: 9446367312.

## ക്വട്ടേഷൻ

തൃശൂർ കയർ പ്രൊജക്ട് ഓഫീസിന്റെ ഔദ്യോഗിക ആവശ്യത്തിന് പ്രതിമാസ വാടക നിരക്കൽ കാർ ലഭ്യമാക്കാൻ ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 16 വൈകീട്ട് മൂന്ന് മണി. ഫോൺ: 0487-2423047.

## സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു

കള്ള് തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് ഈ അദ്ധ്യയന വർഷം സ്കോളർഷിപ്പിന് നൽകുന്നതിന് അപേക്ഷ ക്ഷണിച്ചു. എട്ടാം ക്ലാസ്സും അതിനു മുകളിലേക്കും പ്ലസ് ടു, ഐടിഐ, ഐടിസി, എഞ്ചിനീയറിങ് ഡിപ്ലോമ, ജെസിസി, ടിടിസി, ഡിഗ്രി, നഴ്സിങ്, ഫാർമസി, പോസ്റ്റ് ഗ്രാജുവേഷൻ, എൽഎൽബി, ബിഎഡ് കോഴ്സിന് പഠിക്കുന്നവർക്കാണ് സ്കോളർഷിപ്പ്. അപേക്ഷാഫോറത്തിന്റെ മാതൃകയും വിശദവിവരങ്ങളും ക്ഷേമനിധി ബോർഡിന്റെ ജില്ലാ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ ഓഫീസിൽ ലഭിക്കും. പൂരിപ്പിച്ച അപേക്ഷ ജില്ലാ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ ഓഫീസിൽ ആഗസ്റ്റ് 31 നകം നൽകണം. ഫോൺ: 0487-2364900.

## ടെണ്ടർ

സർക്കാർ മാനസികാരോഗ്യ കേന്ദ്രം കോമ്പൗണ്ടിൽ ആരോഗ്യ വാർത്ത ബോർഡുകൾ ഒരു വർഷത്തേക്ക് സ്ഥാപിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 30 രാവിലെ 11.30. ഫോൺ: 0487-2383684.

## പാസ്വേഡ് ജില്ലാതല ഗൈഡൻസ് തുടങ്ങി

ന്യൂനപക്ഷ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലയിലെ വിദ്യാർത്ഥികൾക്കുള്ള ഏകദിന കരിയർ ഗൈഡൻസ് പരിശീലന ക്യാമ്പ് 'പാസ്വേഡ് 2019-20' ജില്ലാതല ഉദ്ഘാടനം പാടൂർ അലിമുൽ ഇസ്ലാം എച്ച് എസിൽ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തംഗം സജ സാദത്ത് നിർവഹിച്ചു. പിടിഎ പ്രസിഡണ്ട് പി വി അലി അദ്ധ്യക്ഷത വഹിച്ചു. മൈനോറിറ്റീസ് കോച്ചിങ് സെന്റർ പ്രിൻസിപ്പൽ ഡോ. സുലൈഖ പദ്ധതി വിശദീകരിച്ചു. ന്യൂനപക്ഷ വകുപ്പ് ഉദ്യോഗസ്ഥരായ ടി എ ബീന, അനിത, പാസ്വേഡ് കോർഡിനേറ്റർമാരായ അബ്ദുൾ കലാം, മുഹമ്മിൻ, മുഹമ്മദ് റിയാസ്, പി എം സുജിത്, പ്രിൻസിപ്പൽ കെ വി ഫൈസൽ, പ്രധാനാദ്ധ്യാപകൻ ടി ബി സെബാസ്റ്റ്യൻ തുടങ്ങിയവർ പങ്കെടുത്തു. പ്ലസ് ടു, എസ്എസ്എൽസി വിദ്യാർത്ഥികളിൽ നിന്ന് തെരഞ്ഞെടുത്ത 200 പേർക്കാണ് ഗൈഡൻസ് പരിശീലനം ലഭിച്ചത്. ഇന്ന് (ആഗസ്റ്റ് എഴ്) മതിലകം സെന്റ് ജോസഫ്സ് എച്ച് എസിലാണ് പരിശീലന ക്യാമ്പ്.

## ജില്ലയിൽ വന അദാലത്ത് സെപ്തംബർ രണ്ടിന്

വനം-വന്യജീവി വകുപ്പ് സംബന്ധമായ പൊതുജനങ്ങളുടെ പരാതികൾക്ക് പരിഹാരം കാണുന്നതിനായി വനംവകുപ്പ് സംഘടിപ്പിക്കുന്ന തൃശൂർ ജില്ലയിലെ അദാലത്ത് ചാലക്കുടി മുനിസിപ്പൽ ടൗൺ ഹാളിൽ സെപ്തംബർ രണ്ടിന് നടക്കും. പട്ടയസംബന്ധമായ പരാതികൾ ഒഴികെ വനം സംബന്ധിച്ച എല്ലാ പരാതികളും അദാലത്തിൽ പരിഗണിക്കും. വനംവകുപ്പിന് പുറമേ കൃഷി, തദ്ദേശസ്വയംഭരണം, ആദിവാസക്ഷേമം തുടങ്ങിയ വകുപ്പുകളും അദാലത്തിൽ പങ്കെടുക്കും. അദാലത്തിന് ഒരാഴ്ച മുമ്പ് വരെ സമർപ്പിക്കുന്ന പരാതികളും അപേക്ഷകളും പരിഗണിക്കും. പരാതികൾ, അനുബന്ധ രേഖകൾ സഹിതം തൊട്ടടുത്ത വനംവകുപ്പ് ഓഫീസിലോ ഇ ഡിസ്ട്രിക്ട് മുഖേന ഓൺലൈനായോ സമർപ്പിക്കാം. പരാതിക്കാരനെ ബന്ധപ്പെടാനുള്ള മേൽവിലാസവും ഫോൺനമ്പറും അപേക്ഷകളിൽ രേഖപ്പെടുത്തണം. അപേക്ഷ സ്വീകരിക്കുമ്പോൾ തന്നെ പരാതിക്കാരന് പ്രത്യേക ടോക്കൺ നമ്പർ നൽകും. പരാതിയുടെ തുടർ നടപടികൾ ഈ നമ്പർ അടിസ്ഥാനപ്പെടുത്തിയായിരിക്കും. അദാലത്തിനായി ഓരോ ജില്ലയിലും ഓരോ ഫോറസ്റ്റ് കൺസേർവേറ്റർമാരെ നോഡൽ ഓഫീസർമായി ചുമതലപ്പെടുത്തി.

## ക്വട്ടേഷൻ

സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിലെ രോഗികൾക്ക് ആവശ്യമായ ഡയപ്പറുകൾ വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 30 രാവിലെ 11.30. ഫോൺ: 0487-2383684.

## ഗാന്ധിദർശൻ ശിൽപശാല

തൃശൂർ വിദ്യാഭ്യാസ ജില്ലയിലെ അദ്ധ്യാപകർക്കുള്ള ഗാന്ധിദർശൻ ശിൽപശാല ആഗസ്റ്റ് പത്ത് രാവിലെ പത്തിന് തൃശൂർ വിവേകോദയം ബോയ്സ് ഹൈസ്കൂളിൽ നടക്കും. ജൂലൈ 20 ന് നടത്താനിരുന്ന ശിൽപശാലയാണ് ആഗസ്റ്റ് പത്തിന് നടക്കുകയെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചു. ഫോൺ: 0487-2360810.

## ടെണ്ടർ

സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിലെ രോഗികകളുടെ തുണികൾ കഴുകുന്നതിനായി വാഷിങ് മെഷീൻ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 30 രാവിലെ 11.30. ഫോൺ: 0487-2383684.

## ഫിസിക്കൽ ഇൻസ്ട്രക്ടർ നിയമനം

തൃശൂർ മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഫിസിക്കൽ എഡ്യുക്കേഷൻ ഇൻസ്ട്രക്ടർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. ഫിസിക്കൽ എഡ്യുക്കേഷനിൽ ബിരുദമാണ് യോഗ്യത. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റ് സഹിതം ആഗസ്റ്റ് എട്ട് രാവിലെ പത്തിന് എഴുത്തുപരീക്ഷയ്ക്കും അഭിമുഖത്തിനും എത്തണം. ഫോൺ: 0487-2333290.

## യോഗ ഇൻസ്ട്രക്ടർ ഒഴിവ്

രാമവർമ്മപുരം മഹിളാമന്ദിരം അന്തേവാസികളെ യോഗ പരിശീലിപ്പിക്കുന്നതിന് വനിതാ യോഗ ഇൻസ്ട്രക്ടർ തസ്തികയിൽ നിയമനം നടത്തുന്നു. താൽപര്യമുള്ളവർ പ്രായം, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ പകർപ്പ് സഹിതം അപേക്ഷ ആഗസ്റ്റ് 13 നകം സൂപ്രണ്ട്, മഹിളാമന്ദിരം, രാമവർമ്മപുരം പി ഒ, തൃശൂർ എന്ന വിലാസത്തിൽ നൽകണം. ഫോൺ: 0487-2328258.

## ക്വട്ടേഷൻ

സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിലേക്ക് ലാബ് ഇൻവെർട്ടർ സിസ്റ്റം വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 30 രാവിലെ 11.30. ഫോൺ: 0487-2383684.

## ഒ.ആർ.സി കോർ ടീം പരിശീലനം ഇന്ന് (ആഗ. 7) തുടങ്ങും

അവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഒ.ആർ.സി) പദ്ധതിയുടെ ഭാഗമായി വനിത ശിശുവികസന വകുപ്പ് സംഘടിപ്പിക്കുന്ന ത്രിദിന കോർ ടീം പരിശീലന പരിപാടി ഇന്ന് (ആഗ. 7) രാവിലെ 10 ന് തൃശൂർ ഹോട്ടൽ എലൈറ്റ് ഇൻറർനാഷനിൽ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് മേരി തോമസ് ഉദ്ഘാടനം ചെയ്യും. ജില്ലാ കളക്ടർ എസ്. ഷാനവാസ് അധ്യക്ഷത വഹിക്കും. ഒ.ആർ.സി ഡയറക്ടറി ശിശു ക്ഷേമ സമിതി ചെയർമാൻ കെ.ജി. വിശ്വനാഥൻ പ്രകാശനം ചെയ്യും. സ്കൂൾ തലവൻമാർ, ഒ.ആർ.സി നോഡൽ ടീച്ചർമാർ, സ്കൂൾ കൗൺസിലർമാർ, സ്കൂൾ ഹെൽത്ത് നഴ്സ്, പി.ടി.എ പ്രതിനിധികൾ, സ്റ്റാഫ് സെക്രട്ടറി തുടങ്ങിയവർ അടങ്ങുന്ന കോർ ടീമിനാണ് പരിശീലനം. കുട്ടികൾ നേരിടുന്ന മാനസികാരോഗ്യ, പഠന, സാമൂഹ്യ പ്രശ്നങ്ങളെ സംബന്ധിച്ച് ശാസ്ത്രീയമായ അവബോധം സൃഷ്ടിച്ചെടുക്കുകയാണ് പരിശീലനത്തിന്റെ ലക്ഷ്യം. നിലവിൽ തൃശൂർ ജില്ലയിലെ 26 സ്കൂളുകൾക്ക് ഒ.ആർ.സി പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്.